# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 മേയ് 31, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I ചരമോപചാരം

ആർ. എൽ. ഭാട്ടിയ, കെ. ആർ. ഗൗരിയമ്മ, ആർ. ബാലകൃഷ്ണപിള്ള, കെ. ജെ. ചാക്കോ, സി. എ. കുര്യൻ, കെ. എം. ഹംസക്കുഞ്ഞ്, ബി. രാഘവൻ എന്നിവരുടെ നിര്യാണം

മുൻ ഗവർണർ ആർ. എൽ. ഭാട്ടിയ, മുൻ മന്ത്രിമാരായ കെ. ആർ. ഗൗരിയമ്മ, ആർ. ബാലകൃഷ്ണപിള്ള, കെ. ജെ. ചാക്കോ, മുൻ ഡെപ്യൂട്ടി സ്പീക്കർമാരായ സി. എ. കുര്യൻ, കെ. എം. ഹംസക്കുഞ്ഞ്, മുൻ നിയമസഭാംഗം ബി. രാഘവൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II. ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ മുരളി പെരുനെല്ലി, പി. എസ്. സുപാൽ, റോജി എം. ജോൺ എന്നിവരെ പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ഒന്നാമത്തെ ഇനം അനുസരിച്ചുള്ള (പ്രത്യേക ലിസ്റ്റ് പ്രകാരം) കടലാസുകൾ മേശപ്പുറത്തുവച്ചു.

## IV. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VI. ഗവൺമെന്റ് പ്രമേയം

(ചട്ടം 118 അനുസരിച്ചുള്ള പ്രമേയം)

### ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററെ നീക്കം ചെയ്യൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 'നൂറ്റാണ്ടുകളായി പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന നാടുകളാണ് കേരളവും ലക്ഷദ്വീപും. ചരിത്രപരമായും സാംസ്കാരികമായുമുള്ള ഗാഢബന്ധം ഇരുപ്രദേശങ്ങളിലെയും ജനങ്ങൾക്കിടയിൽ പണ്ടേയുണ്ട്. ബ്രിട്ടീഷ് അധിനിവേശത്തിനുമുമ്പ് ലക്ഷദ്വീപിലെ പല ദ്വീപുകളും ഭരണപരമായി കണ്ണൂരിലെ അറയ്ക്കൽ രാജവംശത്തിന്റെ കീഴിലായിരുന്നു. 1956 നവംബർ 1-ന് സംസ്ഥാന രൂപീകരണംവരെ മലബാർ ജില്ലയുടെ ഭാഗമായിരുന്നു ലക്ഷദ്വീപ്. ലക്ഷദ്വീപിലെ ജനങ്ങൾക്കിടയിൽ ഉപയോഗിക്കുന്ന ഭാഷ മലയാളമാണ്. ഭരണതലത്തിലും മലയാളത്തിന് അവിടെ വലിയ പ്രാധാന്യമുണ്ട്. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വാണിജ്യത്തിനുമെല്ലാം ലക്ഷദ്വീപ് നിവാസികൾക്ക് കേരളവുമായാണ് കൂടുതൽ ബന്ധം. ഇത്തരത്തിൽ പല തലങ്ങളിലുമുള്ള പങ്കിടലുകൾവഴി കേരളജനതയ്ക്ക് ലക്ഷദ്വീപുകാർ എല്ലാ അർത്ഥത്തിലും സഹോദരങ്ങളാണ്.

സാംസ്കാരികമായുള്ള ലക്ഷദ്വീപിന്റെ സവിശേഷതകൾക്കും തനത് ജീവിതരീതികൾക്കുംമേൽ കടന്നുകയറ്റം നടക്കുന്നതായി അവിടത്തെ

ജനങ്ങൾതന്നെ അഭിപ്രായപ്പെടുകയാണ്. അവരുടെ ഭക്ഷണക്രമത്തെയും ഉപജീവനമാർഗ്ഗങ്ങളെയുമൊക്കെ തകർക്കാനുള്ള നീക്കങ്ങൾ നടക്കുന്നുവെന്നും ലക്ഷദ്വീപുകാരുടെ ജീവനുതന്നെ വെല്ലുവിളിയുണ്ടാകുന്ന ഭരണപരമായ നടപടിക്രമങ്ങൾ അവിടത്തെ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളുന്നുവെന്നുമാണ് അവിടെനിന്നും വരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. ടൂറിസത്തെ ശക്തിപ്പെടുത്താൻ എന്ന പേരിൽ ആ നാടിന്റെ സംസ്കാരവും സത്തയുമാണ് ഇല്ലായ്മ ചെയ്യപ്പെടുന്നത്. ജനങ്ങളുടെ ജീവൻ സംരക്ഷിക്കുക എന്നത് ഏതൊരു ജനാധിപത്യ സംവിധാനത്തിന്റെയും ഏറ്റവും അടിസ്ഥാനപരമായ കർത്തവ്യമാണ്. ആ പ്രാഥമിക കർത്തവ്യം നിറവേറ്റുന്നതിനുപകരം അതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ ഔദ്യോഗികതലത്തിൽ നിന്നുതന്നെയുണ്ടാകുന്നുവെന്നത് അത്യന്തം പ്രതിഷേധാർഹമാണ്. ലക്ഷദ്വീപിലെ ഭരണകൂടത്തിന് വ്യക്തികളുടെ ഭൂമിയും സ്വത്തും ഏറ്റെടുക്കാൻ അമിതാധികാരം നൽകുന്ന വ്യവസ്ഥ സാധാരണ ജനങ്ങൾക്കിടയിൽ വലിയ ആശങ്കയാണുണ്ടാക്കിയിരിക്കുന്നത്. അതുപോലെതന്നെ, ഇപ്പോൾ വരുത്തിയിട്ടുള്ള പുതിയ നിയന്ത്രണങ്ങൾ ധാരാളം ആളുകളെ അവർ ജോലി ചെയ്തുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽനിന്നും പിരിച്ചുവിടുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. ഇത് വലിയതോതിലുള്ള സാമ്പത്തിക അസമത്വങ്ങൾക്കും സാമൂഹ്യ അസ്വസ്ഥതകൾക്കും ഇടവരുത്തുന്നതാണ്.

ഇന്ത്യൻ സമൂഹത്തിന്റെ ആത്യന്തികമായ സവിശേഷത അതിന്റെ നാനാത്വത്തിലെ ഏകത്വമാണ്. ഇന്ന് ലക്ഷദ്വീപിൽ കാണുന്നതിന് സമാനമായ വിധത്തിൽ ഈ രാജ്യത്തിന്റെ നാനാത്വങ്ങളെ ഇല്ലായ്മചെയ്യുന്ന തരത്തിലുള്ള നീക്കങ്ങൾ ഇന്ത്യയിലെ മറ്റിടങ്ങളിലും ആസൂത്രിതമായി നടത്തിയിട്ടുണ്ട്. അവയുടെയൊക്കെ പരിണിതഫലം ദുരന്തങ്ങളായിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും രാജ്യങ്ങളുടെ അവിഭാജ്യഘടകങ്ങളായ ചില പ്രദേശങ്ങൾ വെട്ടിമുറിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ സ്വന്തം നാട്ടിൽ അനാഥരാക്കപ്പെട്ട ജനവിഭാഗങ്ങൾ പലയിടത്തുമുണ്ട്. അത് പാഠമാകണം. അത്തരം ഹീനമായ പ്രവൃത്തികൾ ഇന്ത്യയിലുണ്ടാകരുത്. രാജ്യത്തിന്റെ ഒരുമയ്ക്കെതിരെ നിൽക്കുന്ന ശക്തികളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി നടത്തപ്പെട്ടവയാണ് എല്ലാ വിഭാഗീയ വിഘടന നീക്കങ്ങളും. ആ ചരിത്രപശ്ചാത്തലത്തിൽനിന്ന് വീക്ഷിക്കുമ്പോൾ ലക്ഷദ്വീപിന്റെ ഭാവി ഉത്കണ്ഠയുളവാക്കുന്നു. അത് ഇരുളടഞ്ഞതായിപ്പോകുമെന്ന ആശങ്ക ഇന്ത്യൻ ജനതയുടെയാകെ മനസ്സിൽ ഉയരുകയും കേരളം ആ ആശങ്ക പങ്കുവയ്ക്കുകയും ചെയ്യുന്നു. കൊളോണിയൽ ഭരണാധികാരികളുടെ ചെയ്തികളെപ്പോലും വെല്ലുന്ന രീതിയിലാണ് ഒരു ജനത വിലകൽപ്പിക്കുന്ന സംസ്കാരിക തനിമയ്ക്കുമേൽ ആക്രമണം നടക്കുന്നത്. ഇത് ബഹുസ്വരത മുഖമുദ്രയായുള്ള ഒരു ജനാധിപത്യ സംസ്കാരത്തിന് തീർത്തും അന്യംനിൽക്കുന്ന ഒന്നാണ്. അതിനാൽതന്നെ,

ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഓരോരുത്തരും ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന നടപടികളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തേണ്ടതാണ്.

കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേതകൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം കേന്ദ്രസർക്കാരിനുണ്ട്. അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററെ അദ്ദേഹത്തിന്റെ ഉത്തരവാദിത്തങ്ങളിൽനിന്ന് നീക്കം ചെയ്യണമെന്നും ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനങ്ങളും സംരക്ഷിക്കാൻ കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണമെന്നും ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ലക്ഷദ്വീപ് ജനതയുടെ തനതായ ജീവിതരീതികളെ ഇല്ലാതാക്കി കാവിഅജണ്ടകളും കോർപ്പറേറ്റ് താല്പര്യങ്ങളും അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കുറ്റകൃത്യങ്ങൾ അത്യപൂർവ്വമായി തീർന്ന ലക്ഷദ്വീപിൽ ഗുണ്ടാ ആക്ട് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ജനങ്ങളുടെ ഉപജീവനത്തിന് അടിസ്ഥാനമായ

മത്സ്യബന്ധനത്തെയും മത്സ്യത്തൊഴിലാളി അവരുടെ ബോട്ടും വലയും സൂക്ഷിക്കുന്ന കൂടാരങ്ങൾ തകർക്കാനും ഗോവധവും ഗോമാംസവും നിരോധിക്കാനും ഡയറിഫാമുകൾ അടച്ചുപൂട്ടാനുമുള്ള നടപടികൾ മുന്നോട്ടുവയ്ക്കുകയാണ്. ഒരു ജനതയുടെ ജീവിതത്തെയും സാംസ്കാരത്തെയും ഇല്ലാതാക്കുന്ന നടപടികൾക്കാണ് അഡ്മിനിസ്ട്രേറ്റർ നേതൃത്വം നൽകുന്നത്. ജനാധിപത്യസംവിധാനങ്ങളെ ഇല്ലാതാക്കി ഉദ്യോഗസ്ഥ മേധാവിത്വം അടിച്ചേൽപ്പിക്കാനുള്ള നടപടികൾ തുടരുകയാണ്. ജില്ലാ പഞ്ചായത്തിന്റെയും വില്ലേജ് ദ്വീപ് പഞ്ചായത്തിന്റെയും അധികാരങ്ങൾ അഡ്മിനിസ്ട്രേറ്ററുടെ കീഴിലാക്കി ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽനിന്നും മത്സ്യബന്ധനം, ആരോഗ്യം, വിദ്യാഭ്യാസം, മൃഗസംരക്ഷണം, കൃഷി വകുപ്പുകൾ എടുത്തുമാറ്റി നേരിട്ട് ഇടപെടാൻ അധികാരമില്ലാതിരുന്ന അഡ്മിനിസ്ട്രേറ്റർക്ക് അതിനുള്ള അധികാരവും ഉത്തരവിലൂടെ നൽകിയിരിക്കുകയാണ്. തങ്ങൾക്ക് താല്പര്യമുള്ള ഉദ്യോഗസ്ഥരെ വിന്യസിച്ച് ദ്വീപിന്റെ സ്വാഭാവികമായ ജനാധിപത്യക്രമത്തെ തകർക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. രണ്ട് കുട്ടികളിൽ കൂടുതലുള്ളവർ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കരുതെന്നുള്ള സമീപനം നടപ്പിലാക്കാനുള്ള ശ്രമത്തിലൂടെ ദ്വീപിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും അവരുടെ ജനാധിപത്യപരമായ അവകാശം ഇല്ലാതാകുന്ന സ്ഥിതിയാണുണ്ടാകുന്നത്. ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനങ്ങളും

സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണമെന്ന പ്രമേയമാണ് അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. അനൂപ് ജേക്കബ്: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിൽ,

“ പിരിച്ചു വിടുന്ന സാഹചര്യവും” എന്നതിനുശേഷം കാണുന്ന "ഉണ്ടായിട്ടുണ്ട്” എന്നതിനുപകരം "ഉണ്ടാക്കിയിട്ടുണ്ട്" എന്ന് ചേർക്കുക.

അവസാന ഖണ്ഡികയിൽ,

“ ലക്ഷദ്വീപുകാരുടെ ജീവനും” എന്നതിനുശേഷം കാണുന്ന “ ഉപജീവനങ്ങളും” എന്ന വാക്ക് നീക്കം ചെയ്യുകയും പകരം "ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരികത്തനിമയും” എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുകയും ചെയ്യുക.

ശ്രീ. എൻ. ഷംസുദ്ദീൻ: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ അഞ്ചാം വരിയിൽ

“ ഇന്ത്യയിലെ മറ്റിടങ്ങളിലും” എന്നതിനുശേഷം താഴെപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

“ സംഘപരിവാറും, അവരാൽ നിയന്ത്രിക്കപ്പെടുന്ന കേന്ദ്ര

സർക്കാരും" എന്നും

ആറാം വരിയിൽ

" പരിണിതഫലം ദുരന്തങ്ങളായിരുന്നു" എന്നതിനുശേഷം " ജമ്മുകാശ്മീരിനെ വെട്ടിമുറിച്ചതും സംസ്ഥാന പദവിയും പ്രത്യേക പദവിയും എടുത്തുകളഞ്ഞതും, പൗരത്വ ഭേദഗതി നിയമവും എല്ലാം അത്തരം നീക്കങ്ങളുടെ ഒടുവിലത്തെ ഉദാഹരണമാണ്" എന്നും

നാലാം ഖണ്ഡികയിൽ, ആറാം വരിയിൽ

" നീക്കം ചെയ്യണമെന്നും " എന്നതിനുശേഷം " അദ്ദേഹത്തിന്റെ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ്: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ ഒന്നാം ഖണ്ഡികയിൽ,

" ചരിത്രപരമായും സാംസ്കാരികമായുമുള്ള" എന്നതിനുപകരം "ചരിത്രപരമായും ഭൂമിശാസ്ത്രപരമായും സാംസ്കാരികമായുമുള്ള" എന്നും

രണ്ടാം ഖണ്ഡികയിൽ,

" നടപടിക്രമങ്ങൾ അവിടത്തെ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളുന്നു എന്നുമാണ് " എന്നതിനുപകരം " കേന്ദ്രസർക്കാർ അഡ്മിനിസ്ട്രേറ്ററെ

ഉപയോഗിച്ച് കൈക്കൊള്ളുന്ന എന്നുമാണ്"  എന്നും

മൂന്നാം ഖണ്ഡികയിൽ,

" ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന"  എന്നതിനു പകരം " കേന്ദ്രസർക്കാരിന്റെ ഒത്താശയോടെ ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന" എന്നും ചേർക്കുക.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പ്രമേയത്തെ പിന്താങ്ങുന്നു. ജനാധിപത്യവിരുദ്ധവും മനുഷ്യാവകാശങ്ങളെ ധ്വംസിക്കുന്ന തരത്തിലുള്ളതുമായ സാംസ്കാരികാധിനിവേശമാണ് കേന്ദ്രസർക്കാർ ലക്ഷദ്വീപിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ സ്വത്ത് ഏത് സമയത്തും ഏറ്റെടുക്കാൻ കഴിയുന്ന രീതിയിലുള്ള വ്യവസ്ഥകൾ ഡ്രാഫ്റ്റ് ലക്ഷദ്വീപ് ഡെവലപ്മെന്റ് അതോറിറ്റി റെഗുലേഷൻ നിയമത്തിൽ ഉൾപ്പെടുത്തി ദ്വീപ് നിവാസികളുടെ ജീവിതക്രമങ്ങളെ മാറ്റിമറിക്കാനുള്ള ശ്രമങ്ങളാണ് കേന്ദ്രസർക്കാർ നടത്തുന്നത്. ഗുണ്ടാ ആക്ട് കൊണ്ടുവന്നതും താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടതും ബീഫ് നിരോധനം ഏർപ്പെടുത്തിയതും സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ മെനുവിൽനിന്നും നോൺ വെജിറ്റേറിയൻ ഫുഡ് എടുത്തുമാറ്റിയതുമായ കേന്ദ്രതീരുമാനങ്ങൾ ദ്വീപ് നിവാസികളുടെ

അവകാശങ്ങളിന്മേലുള്ള കൈകടത്തലാണ്. കേന്ദ്രഗവൺമെന്റിന്റെ കിരാത നടപടികൾക്ക് കൂട്ടുനിൽക്കുന്ന അഡ്മിനിസ്ട്രേറ്ററെ നീക്കം ചെയ്യണമെന്നും അദ്ദേഹത്തിന്റെ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. ലക്ഷദ്വീപിലെ അഡ്മിനിസ്ട്രേറ്ററുടെ നടപടികൾ തികച്ചും ജനാധിപത്യവിരുദ്ധമാണ്. കുത്തകമുതലാളിമാരെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്ന അഡ്മിനിസ്ട്രേറ്ററെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിനും ലക്ഷദ്വീപ് നിവാസികളുടെ സംസ്കാരവും ജീവനോപാധികളും സംരക്ഷിക്കുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: പ്രമേയത്തെ പിന്താങ്ങുന്നു. ലക്ഷദ്വീപ് നിവാസികളുടെ സംസ്കാരവും ജീവനോപാധികളും സംരക്ഷിക്കുന്നതിനും അഡ്മിനിസ്ട്രേറ്ററെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: പ്രമേയത്തെ പിന്താങ്ങുന്നു. സംസ്കാര സമ്പന്നമായ നാടിന്റെ സവിശേഷതകൾ ഇല്ലാതാക്കാനുള്ള ബോധപൂർവ്വമായ

ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്നും ദ്വീപ് നിവാസികളുടെ ജീവിതശൈലിയെ പ്രതികൂലമായി ബാധിക്കുന്ന നടപടികൾ അവസാനിപ്പിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണം.

ശ്രീ. മോൻസ് ജോസഫ്: പ്രമേയത്തെ പിന്താങ്ങുന്നു. ലക്ഷദ്വീപിലെ ജനങ്ങളുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്രസർക്കാർ നിലപാടുകൾ അപലപനീയമാണ്. ഭരണക്രമീകരണത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടത്തുന്ന അഡ്മിനിസ്ട്രേറ്ററെ തിരിച്ച് വിളിക്കണമെന്നും ദ്വീപ് നിവാസികൾക്ക് സ്വൈരജീവിതം ഉറപ്പുവരുത്തണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം.

ഡോ. എൻ. ജയരാജ്: പ്രമേയത്തെ പിന്താങ്ങുന്നു. പുതിയ അഡ്മിനിസ്ട്രേറ്ററുടെ നയങ്ങൾ ദ്വീപ് നിവാസികളിൽ ആശങ്കയുളവാക്കുന്നതാണ്. ഒരു ജനതയുടെ ജനാധിപത്യ ബോധത്തിനുനേരെയുള്ള കടന്നുകയറ്റം അപലപനീയമാണ്.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1, 2 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2-ാം നമ്പർ ഭേദഗതി അംഗീകരിക്കുകയും 3-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

"നീക്കം ചെയ്യണമെന്നും" എന്നതിന് ശേഷം "അദ്ദേഹത്തിന്റെ വിവാദമായ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

VII. <u>ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച</u>

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: " 2021 മേയ് 28-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: പ്രമേയത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ സജീവ് ജോസഫ്, അൻവർ സാദത്ത്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. സിദ്ദിഖ്, സനീഷ്കുമാർ ജോസഫ്, ടി. ജെ. വിനോദ്, ഐ.സി. ബാലകൃഷ്ണൻ,

റോജി എം. ജോൺ, പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, കെ. ബാബു (തൃപ്പൂണിത്തുറ), പി. ടി. തോമസ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, യു. എ. ലത്തീഫ്, എൻ. ഷംസുദ്ദീൻ, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, അബ്ദുൽ ഹമീദ് മാസ്റ്റർ, നജീബ് കാന്തപുരം, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, കെ. പി. എ. മജീദ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കും ജനകീയ പ്രശ്നങ്ങളുടെ പരിഹാരത്തിനും ആവശ്യമായ ഒട്ടേറെ നിർദ്ദേശങ്ങൾ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രതികൂല സാഹചര്യങ്ങളിൽപ്പോലും പുരോഗമനപരവും ജനക്ഷേമകരവുമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെ നേരിടുന്നതിൽ ലോകശ്രദ്ധ പിടിച്ചുപറ്റിയ ഗവൺമെന്റാണിത്. കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയ ജനക്ഷേമ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഈ നയപ്രഖ്യാപനം. ആർദ്രം, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് മിഷൻ, ഹരിത കേരളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ സമസ്തമേഖലകളിലും പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ

പഞ്ചായത്തുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുകയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും കിഫ്ബി പദ്ധതിയിലൂടെ താലൂക്ക്-ജില്ലാ ആശുപത്രികൾ ഹൈടെക്കാക്കുകയും ചെയ്തതിലൂടെ ആരോഗ്യ മേഖലയിലുണ്ടായ വികസനം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിലൂടെ കോവിഡ് മരണനിരക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സാങ്കേതികവിദ്യയുടെ വളർച്ചയും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജനക്ഷേമ പദ്ധതികൾക്ക് ജനങ്ങൾ പൂർണ്ണമനസ്സോടെ നൽകിയ അംഗീകാരമാണ് ഭരണത്തുടർച്ച. അശാസ്ത്രീയമായ ജി.എസ്.ടി. പരിഷ്കരണത്തിലൂടെ സംസ്ഥാനങ്ങളുടെ സാമ്പത്തികാവകാശങ്ങൾ കവർന്നെടുക്കുകയും ഫെഡറൽ തത്വങ്ങൾ അട്ടിമറിച്ച് ഭരണഘടനാപരമായി സംസ്ഥാനത്തിന് അവകാശപ്പെട്ട സാമ്പത്തിക വിഹിതം പിടിച്ചുവയ്ക്കുകയും ചെയ്ത കേന്ദ്ര സർക്കാർ നിലപാടുകൾക്കെതിരെ ശബ്ദിക്കാൻ പ്രതിപക്ഷം

തയ്യാറായില്ല. കോവിഡ് മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തി സമരങ്ങൾ നടത്താനും അശാസ്ത്രീയ പ്രചരണങ്ങളിലൂടെ ആരോഗ്യ സംവിധാനങ്ങളെ അട്ടിമറിക്കാനും ദുരന്തമുഖത്തുപോലും ആശയക്കുഴപ്പമുണ്ടാക്കി ജനങ്ങളുടെ മനോവീര്യം കെടുത്താനുമുള്ള ശ്രമങ്ങളുമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. പ്രളയവും കോവിഡും ഉൾപ്പെടെയുള്ള ദുരിതങ്ങൾ സൃഷ്ടിച്ച പ്രയാസങ്ങൾക്കിടയിലും 2016-ലെ പ്രകടന പത്രികയിലെ 600 വാഗ്ദാനങ്ങളിൽ 580 എണ്ണവും നടപ്പിലാക്കാൻ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കേരള ചരിത്രത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ നടന്ന വിപ്ലവകരമായ പുരോഗതിക്ക് തുടർച്ച വേണമെന്ന് ജനങ്ങൾ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. കോവിഡ് മഹാമാരി നേരിടുന്നതിന് സ്വീകരിച്ച നടപടി അംഗീകരിക്കുന്നുവെങ്കിലും ആരോഗ്യ വകുപ്പിന്റെ ശിഥിലീകരണത്തോട് യോജിക്കുന്നില്ല. നയപ്രഖ്യാപനത്തിൽ വില വർദ്ധനവിനെക്കുറിച്ച് പരാമർശിക്കാതിരുന്നത് അനുചിതമാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷം നടപ്പാക്കിയ നയങ്ങൾക്ക് ലഭിച്ച അംഗീകാരമാണ് തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് ലഭിച്ച വിജയം. സാമ്പത്തിക പരിമിതികൾക്കിടയിലും സംസ്ഥാനത്തെ ജനങ്ങൾക്ക് സൗജന്യമായി വാക്സിൻ നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളീയ ജനതയ്ക്ക് പ്രതീക്ഷ നൽകുന്നതോ ഒരു നയസമീപനം മുന്നോട്ടുവയ്ക്കുന്നതോ ആയ നയപ്രഖ്യാപനമല്ല ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ജനങ്ങൾക്കൊപ്പം നിന്ന് ക്രിയാത്മക പ്രതിപക്ഷമായി യു.ഡി.എഫ്. പ്രവർത്തിക്കും.

<u>ഡോ. എൻ. ജയരാജ്:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ ഇച്ഛാശക്തിയോടെ നടപ്പാക്കിയതാണ് തുടർഭരണത്തിന് വഴിതെളിച്ചത്. ആരോഗ്യരംഗത്തുണ്ടായ ഗുണപരമായ മാറ്റങ്ങൾ കോവിഡ് മഹാമാരിയെ നിയന്ത്രിക്കാൻ സഹായകരമായി. സാമ്പത്തിക പ്രതിസന്ധിയുടെ നടുവിലും ജനക്ഷേമ പ്രവർത്തനങ്ങളും കിഫ്ബി വഴിയുള്ള വികസന പദ്ധതികളും മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. അനൂപ് ജേക്കബ്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിനോ പ്രകൃതിക്ഷോഭങ്ങൾമൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിനോ യാതൊരു പദ്ധതികളും നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. കർഷകർക്ക് കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നതിനും തൊഴിൽമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടിയുണ്ടാകണം. കോവിഡ് വാക്സിനേഷനുമായി ബന്ധപ്പെട്ട അനിശ്ചിതത്വം ഒഴിവാക്കണം. അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാരിന്റെ ജനക്ഷേമകരമായ പ്രവർത്തനങ്ങളെ എതിർത്തതും വർഗ്ഗീയശക്തികളുമായി സന്ധിചെയ്തതുമാണ് യു.ഡി.എഫ്.-ന്റെ പരാജയത്തിന് കാരണമായത്. പ്രതിസന്ധിഘട്ടങ്ങളിൽ ജനങ്ങൾക്ക് ആശ്വാസംപകരാൻ കഴിയുന്ന നിലപാടുകൾ സ്വീകരിക്കാനും ക്ഷേമപെൻഷനുകൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്യാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജനക്ഷേമ പദ്ധതികൾക്ക് ജനങ്ങൾ നൽകിയ

അംഗീകാരമാണ് ഭരണത്തുടർച്ച. ലൈഫ് മിഷനൽപ്പെടെയുള്ള പദ്ധതികൾ അട്ടിമറിക്കാൻ ശ്രമിച്ച പ്രതിപക്ഷ നിലപാട് ഖേദകരമാണ്.

ശ്രീ. ഡി. കെ. മുരളി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണ് ഭരണത്തുടർച്ച. ഗവൺമെന്റിന്റെ വികസന പദ്ധതികൾ എതിർക്കുന്ന നിലപാട് പ്രതിപക്ഷം അവസാനിപ്പിക്കണം. കെ-ഫോൺ, കുടുംബശ്രീയെ ശക്തിപ്പെടുത്തൽ, തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കൽ തുടങ്ങി ഒട്ടേറെ വാഗ്ദാനങ്ങളാണ് ഈ നയപ്രഖ്യാപനത്തിലൂടെ സർക്കാർ മുന്നോട്ട് വച്ചിട്ടുള്ളത്.

ശ്രീമതി യു. പ്രതിഭ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മുൻ പ്രകടനപത്രികയിൽ പറഞ്ഞിരുന്ന ഹരിത കേരളം മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയവ നടപ്പിലാക്കിയ നടപടി അഭിനന്ദനാർഹമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനും സർക്കാർ ആശുപത്രികളുടെ ഒ.പി. സമയം ദീർഘിപ്പിക്കാനും പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ വരുമാനവും നെൽകൃഷിയുടെ വിസ്തൃതിയും വർദ്ധിപ്പിച്ചതും

പതിമൂന്നിനം പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിച്ചതും പ്രശംസനീയമാണ്. അപേക്ഷർക്ക് 24 മണിക്കൂറിനകം റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയത് ശ്രദ്ധേയമാണ്.

ശ്രീ. ഇ. കെ. വിജയൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഓഖി, നിപ, പ്രളയം, കോവിഡ്-19 തുടങ്ങിയ പ്രതിസന്ധികൾക്കിടയിലും വികസനപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയ സർക്കാരാണിത്. ഗെയിൽ പദ്ധതി ഉൾപ്പെടെ അസാദ്ധ്യമെന്ന് കരുതിയിരുന്ന പദ്ധതികൾ യാഥാർത്ഥ്യമാക്കാനും കിഫ്ബിയിലൂടെ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ജനക്ഷേമ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും, കോവിഡാനന്തരം തൊഴിൽ മേഖലയിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കും പരിഹാരം കാണാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.

ശ്രീ. ടി. സിദ്ദിഖ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. വയനാട് ജില്ലയിൽ പ്രതിസന്ധി നേരിടുന്ന ടൂറിസം, കൃഷി, വിദ്യാഭ്യാസം, ഗതാഗതം തുടങ്ങിയ മേഖലകളിൽ അടിയന്തര ഇടപെടൽ നടത്താനാവശ്യമായ

നടപടിയുണ്ടാകണം. 7000 കോടി രൂപയുടെ വയനാട് പാക്കേജ് നടപ്പിലാക്കണം. സമഗ്ര ദുരന്തനിവാരണ നയം രൂപീകരിക്കുന്നതിനും ഓക്സിജൻ സ്വയംപര്യാപ്തത നേടുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി. വി. അൻവർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ദുരന്തങ്ങളെ അതിജീവിക്കുന്നതിൽ സർക്കാരിനോടൊപ്പം നിൽക്കാതിരിക്കുകയും ഗവൺമെന്റിന്റെ വികസന പദ്ധതികൾക്ക് തടസ്സം നിൽക്കുന്ന നിലപാടുമാണ് പ്രതിപക്ഷം സ്വീകരിച്ചത്.

ശ്രീ. എം. നൗഷാദ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളുടെയും വികസനത്തിലൂന്നിയതും ഭാവി കേരളം എങ്ങനെയാകണമെന്ന് വരച്ചുകാട്ടുന്നതുമായ നയപ്രഖ്യാപനമാണ് അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലം വികസനോന്മുഖവും ജനക്ഷേമകരവുമായ നിരവധി പദ്ധതികളാണ് നടപ്പിലാക്കിയത്. നിപ, ഓഖി, പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തങ്ങളെ അതിജീവിച്ച് കാർഷികം, വ്യാവസായികം, വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസമടക്കമുള്ള മേഖലകളിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ പദ്ധതികളെയെല്ലാം എതിർക്കുന്ന നിലപാടാണ് പ്രതിപക്ഷം

സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. പി. കെ. ബഷീർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവൺമെന്റിന്റെ വികസന പദ്ധതികളോട് സഹകരിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. നയപ്രഖ്യാപനത്തിൽ കോവിഡ് പ്രതിരോധത്തിന് പ്രത്യേകമായി ആരോഗ്യ പാക്കേജ് ഉൾപ്പെടുത്തിയിട്ടില്ല.

<u>ശ്രീ. കെ. ആൻസലൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോവിഡ് പ്രതിരോധത്തിന് 20000 കോടി രൂപ നീക്കിവച്ചതും ഇതര ക്ഷേമ പെൻഷനുകളിൽ അംഗമല്ലാത്ത ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 1000 രൂപ പെൻഷൻ അനുവദിച്ചതും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ഭക്ഷ്യകിറ്റ് വിതരണം ചെയ്തതും ശ്ലാഘനീയമാണ്. സമഗ്ര ആരോഗ്യ പദ്ധതി, തൊഴിലുറപ്പ് പദ്ധതി എന്നിവയ്ക്ക് തുക വകയിരുത്തിയതും കെ-ഫോൺ പദ്ധതി നടപ്പിലാക്കിയതും സർക്കരിന്റെ നേട്ടങ്ങളാണ്. കാർഷിക മേഖലയിൽ ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കോവളം-ബേക്കൽ ജലപാത യാഥാർത്ഥ്യമാക്കുകയും കേരളാ ബാങ്ക് ആരംഭിക്കുകയും നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുകയും ചെയ്ത നടപടി ശ്രദ്ധേയമാണ്.

<u>ശ്രീ. പി. ടി. തോമസ്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. പൊള്ളയായ വാഗ്ദാനങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിവരസാങ്കേതിക വിദ്യയിൽ സംസ്ഥാനം മുന്നേറിയിട്ടും കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട ദൈനംദിന കണക്കുകൾക്കായി മുഖ്യമന്ത്രിയുടെ പത്രസമ്മേളനംവരെ കാത്തിരിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനങ്ങളോടുള്ള കരുതലാണ് സർക്കാരിന്റെ മുഖമുദ്ര. കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ മരണനിരക്ക് കുറയ്ക്കാൻ സാധിച്ചതും ഇരുപതിനായിരം കോടിരൂപയുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചതും കോവിഡ് വാക്സിൻ വാങ്ങുന്നതിനായി ആഗോള ടെണ്ടർ ക്ഷണിച്ചതും കെ-ഫോൺ പദ്ധതി നടപ്പാക്കിയതും കേരള ബാങ്ക് രൂപീകരിച്ചതും ഇ-റേഷൻ കാർഡ് സംവിധാനം നടപ്പാക്കിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. സൗജന്യ റേഷൻ കിറ്റ് വിതരണത്തെയും ലൈഫ് മിഷൻ പദ്ധതിയെയും അട്ടിമറിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം സ്വീകരിച്ചത്.

(സഭ ഉച്ചയ്ക്കുശേഷം 1.44-ന് പിരിഞ്ഞു)

*******